LIBRARY ARCHIVES Kerala Legislative Assembly

വളവുപച്ചയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

89 [90] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി കൊണ്ടും രാഷ്ട്രീയ സംഘട്ടനം, ആത്മഹത്യ ഉൾപ്പെടെയുള്ള ക്രൈം കേസുകളുടെ എണ്ണം കൊണ്ടും മുന്നിൽ നിൽക്കുന്ന കട്ടയ്ക്കൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധി വിഭജിച്ച് ചിതറ പഞ്ചായത്തിൽ 'വളവുപച്ച' യിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പഠനം നടന്നിട്ടില്ലെങ്കിൽ ആയതിലേക്ക് ഒരു കമ്മീഷനെ നിയോഗിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി & സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 'വളവുപച്ച' എന്ന സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ

90 [91] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്;

(ബി) ഏതൊക്കെ പോലീസ് സ്റ്റേഷനുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 7 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ട്.

(ബി) 1. ആറ്റിങ്ങൽ
2. വഞ്ചിയൂർ
3. പാങ്ങോട്
4. വിതുര
5. നേമം
6. ട്രാഫിക് സ്റ്റേഷൻ-പട്ടം
7. തീരദേശ പോലീസ് സ്റ്റേഷൻ-പട്ടം
8. തീരദേശ പോലീസ് സ്റ്റേഷൻ-വിഴിഞ്ഞം

കുറ്റവാളികളുടെ ജാമ്യാപേക്ഷകളിൽ സർക്കാർ വക്കീലൻമാർ കാണിക്കുന്ന അനാസ്ഥ

91 [92] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എ. പി. അനിൽകുമാർ:
,, എ. സുജനപാൽ:
,, വി. ഡി. സതീശൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 2003-ൽ പോലീസ് കോടതികളിൽ ഹാജരാക്കിയ കുറ്റവാളികളിൽ എത്രപേരുടെ കേസ് വിളിച്ച പ്പോൾ സർക്കാർ വക്കീലൻമാർ അവരുടെ ജാമ്യാപേക്ഷയെ എതിർത്തില്ല എന്നും എത്രപേരുടെ കേസ് വിളിച്ചപ്പോൾ അവരുടെ ജാമ്യപേക്ഷ എതിർക്കുവാൻ സർക്കാർ വക്കീൽ ഹാജരാകാതെയിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly